"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - പട്ടം സബ് രജിസ്ട്രാർ ശ്രീമതി രാജി.കെ.ബി-ടെ ജില്ലാ രജിസ്ട്രാർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി ത്യജിക്കുന്നതിനുള്ള അപേക്ഷ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1153/2024/TAXES തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:-

1. 07/12/1991-ലെ സ.ഉ.(കൈ) നം.39/91/P&ARD.
2. 10/12/2004-ലെ സ.ഉ.(കൈ) നം.20/2004/P&ARD.
3. പട്ടം സബ് രജിസ്ട്രാർ ശ്രീമതി രാജി.കെ.ബിയുടെ 01/11/2024-ലെ അപേക്ഷ.
4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 04/12/2024-ലെ ഇ1/5662/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജില്ലാ രജിസ്ട്രാർ തസ്തികയിലേയ്ക്ക് ലഭിക്കാനിടയുള്ള സ്ഥാനക്കയറ്റം രണ്ടു വർഷത്തേക്ക് ത്യജിക്കുന്നതിനായി പട്ടം സബ് രജിസ്ട്രാർ ശ്രീമതി രാജി.കെ.ബി. സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള അപേക്ഷ പരാമർശം (4) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, ജില്ലാ രജിസ്ട്രാർ തസ്തികയിലേയ്ക്ക് ലഭിക്കാനിടയുള്ള സ്ഥാനക്കയറ്റം അപേക്ഷ തീയതി മുതൽ (01.11.2024) രണ്ടു വർഷത്തേക്ക് ത്യജിക്കുന്നതിനായി പട്ടം സബ് രജിസ്ട്രാർ ശ്രീമതി രാജി.കെ.ബി. സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീമതി രാജി.കെ.ബി., സബ് രജിസ്ട്രാർ, പട്ടം (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Praneesh M P

Date: 23-12-2024 16:40:03